# ഉറ്റവരുടെ മരണത്തിൽ ക്ഷമിക്കുന്നവർക്ക് സ്വർഗമാണ് പ്രതിഫലം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ: أَنَّ رَسُولَ اللَّهِ ﷺ قَالَ: يَقُولُ اللَّهُ تَعَالَى مَا لِعَبْدِي الْمُؤْمِنِ عِنْدِي جَزَاءٌ إِذَا قَبَضْتُ صَفِيَّهُ مِنْ اَهْلِ الدُّنْيَا ثُمَّ احْتَسَبَهُ إِلاَّ الْجَنَّةَ (البخارى).

അബൂഹുറയ്റ(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു:
അല്ലാഹു പറയുന്നു തന്റെ ജീവിത പങ്കാളിയെ ഞാൻ മരണപ്പെടുത്തുമ്പോൾ പ്രതിഫലം ആഗ്രഹിക്കുന്ന സത്യവിശ്വാസിക്ക് എന്റെ പക്കൽ സ്വർഗമല്ലാതെ മറ്റൊരു പ്രതിഫലവുമില്ല. (ബുഖാരി)

ജീവിതത്തിൽ ഏറെ ഇഷ്ടപ്പെട്ടിരുന്ന പ്രിയപ്പെട്ട ഉമ്മമാരെയും കുഞ്ഞുങ്ങളെയും ഇണകളെയും അല്ലാഹു വിളിച്ചു കൊണ്ടുപോകുമ്പോൾ നമ്മുടെ കണ്ണു നിറയും. മനസ്സ് പിടയും. ആ നിറഞ്ഞ കണ്ണുകളും പിടയുന്ന മനസ്സും വലിയ പ്രാർഥനകളാക്കി മാറ്റുന്നവർക്കാണ് അല്ലാഹുവിന്റെ സന്തോഷ വാർത്തയുള്ളത്. ഇത് വിശ്വാസിക്ക് മാത്രം കഴിയുന്ന കാര്യമാണ്. കണ്ടുകൊതിതീരാത്ത പൊന്നുമ്മയെ കൊണ്ടുപോയതും, സ്നേഹിച്ച് കൊതിതീരാത്ത പ്രിയപ്പെട്ട ഇണയെ തിരിച്ചുവിളിച്ചതും അല്ലാഹുവാണെന്ന് അറിഞ്ഞിട്ടും റബ്ബിനോടുള്ള ഇഷ്ടത്തിൽ ഒരു കുറവും വരാതെ ആ ജനാസയെ മുമ്പിൽ കിടത്തി നമസ്കരിക്കുമ്പോൾ നാം ആദ്യം ചൊല്ലുന്ന വാചകം "അല്ലാഹു അക്ബർ" എന്നാണ്. ഈ മരണത്തിലൂടെ എനിക്ക് വലിയ നഷ്ടമാണുണ്ടായത്. എങ്കിലും നീ തന്നെയാണ് മഹോന്നതൻ എന്നർഥം. ശേഷം പറയുന്ന വാചകം "അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ" എന്നാണ്. എല്ലാം ഞാൻ സഹിക്കുന്നു. നിനക്ക് തന്നെ സർവസ്തുതിയും. പ്രയാസങ്ങൾ കടിച്ചമർത്തി ഇങ്ങനെ സ്തുതി പറയാൻ വിശ്വാസിക്കല്ലാതെ മറ്റാർക്കും കഴിയില്ല. അതുകൊണ്ടാണല്ലോ റസൂൽ(സ) പറഞ്ഞത്. "മുഅ്മിന്റെ കാര്യം മഹാത്ഭുതമാണ്. അവന്റെ എല്ലാ കാര്യവും അവന്ന് നന്മയാണ്. മുഅ്മിന്നല്ലാതെ അത് മറ്റാർക്കും സാധിക്കില്ല. അവനൊരു സന്തോഷമുണ്ടായാൽ അവൻ നന്ദി കാണിക്കും. അതവന് നന്മയായി ഭവിക്കും. ഇനിയൊരു പ്രയാസമാണുണ്ടാകുന്നതെങ്കിൽ അതവൻ ക്ഷമിക്കും. അപ്പോൾ അതും അവന് നന്മയായി ഭവിക്കും" (മുസ്ലിം).

ഒരു പിതാവിന്റെ എല്ലാ മനോവേദനകളും പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള വേളയാണ് ഏറെ സ്നേഹിക്കുന്ന മക്കളുടെ വേർപാട്. ഈ സമയത്ത് പതറാതെ അല്ലാഹുവിനോടുള്ള ഇഷ്ടത്തിൽ ഒരു കുറവുംവരാതെ പിന്നെയും അല്ലാഹുവിനെ സ്തുതിക്കുന്നവർക്ക് അല്ലാഹു അവന്റെ മലക്കുകളെകൊണ്ട് സ്വർഗത്തിൽ സുന്ദരമായ വീട് പണിതുകൊടുക്കുമെന്ന് റസൂൽ(സ) നമ്മളോട് വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രാവാചകൻ പറഞ്ഞു: "ഒരു അടിമയുടെ കുട്ടി മരിച്ചാൽ അല്ലാഹു മലക്കുകളോട് ചോദിക്കും: 'നിങ്ങൾ എന്റെ അടിമയുടെ കുട്ടിയെ പിടിച്ചുവോ?' അവർ പറയും: 'അതെ.' അല്ലാഹു വീണ്ടും ചോദിക്കും: 'നിങ്ങൾ അവന്റെ ഹൃദയത്തിന്റെ കനി കവർന്നുവോ?' അവർ പറയും: 'അതെ.' അല്ലാഹു ചോദിക്കും: 'എന്റെ അടിമ എന്താണ് അപ്പോൾ പറഞ്ഞത്?' അവർ പറയും: 'അവൻ നിന്നെ സ്തുതിക്കുകയും ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്ന് പറയുകയും ചെയ്തു.' അപ്പോൾ അല്ലാഹു കൽപിക്കും: എങ്കിൽ എന്റെ അടിമക്ക് വേണ്ടി നിങ്ങൾ സ്വർഗത്തിൽ ഒരു വീട് നിർമിക്കുക. അതിന് സ്തുതി ഗേഹമെന്ന് നാമകരണം ചെയ്യുക"(തിർമുദി). അതുപോലെതന്നെ നമ്മിൽ നിന്ന് വേർപ്പെട്ടുപോയ നമ്മുടെ ചെറിയ മക്കൾ സ്വർഗത്തിന്റെ കവാടങ്ങളിൽ നമ്മെ സ്വീകരിക്കാൻ കാത്തിരിക്കുന്നുണ്ടാകുമെന്നും പ്രവാചകൻ സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. പ്രവാചകൻ പറയുന്നു: "ഒരു മുസ്ലിമിന് മൂന്ന് കുട്ടികൾ പ്രായപൂർത്തിയാകാതെ മരിക്കുന്ന പക്ഷം സ്വർഗത്തിൽ എട്ട് കവാടങ്ങളിൽ കൂടി അവർ അവനെ സ്വീകരിക്കാതിരിക്കില്ല. അവൻ ഉദ്ദേശിക്കുന്നതിലൂടെ അവൻ പ്രവേശിക്കും"(ഇബ്നുമാജ).

വിശ്വാസിക്ക് വലിയ സാന്ത്വനമേകുന്ന ഹദീസുകളാണ് ഇവയെല്ലാം. ജീവിതത്തിൽ നമ്മിൽ നിന്ന് വേർപ്പെട്ടുപോയവർ സ്വർഗവാതിലുകളിൽ നമ്മെ കാത്തിരിക്കുന്നു എന്നത് ജീവിതത്തിലെ ഏറ്റവും വലിയ പ്രതീക്ഷയാണ്. ജീവിതം അല്ലാഹു നമുക്ക് നൽകിയ ദാനമാണ് എന്ന യാഥാർഥ്യം വിസ്മരിക്കാതിരിക്കുമ്പോൾ ഏത് പരീക്ഷണങ്ങളെയും വലിയ വിജയങ്ങളാക്കി തീർക്കാം.

വേർപ്പാടിന്റെ വേദനകളിൽ ക്ഷമയവലംബിക്കുന്നവർക്ക് അല്ലാഹുവിന്റെ അരികിൽ സ്വർഗമല്ലാതെ മറ്റൊരു പ്രതിഫലവുമില്ല. "മരണം തന്നിൽ നിന്ന് താൻ ഏറ്റവും ഇഷ്ടപ്പെട്ടയാളെ തട്ടിയെടുത്താലും ക്ഷമയവലംബിക്കുകയും അല്ലാഹുവിന്റെ പ്രീതി തേടുകയും ചെയ്യുന്ന വിശ്വസ്തനായ ഒരു അടിമക്ക് സ്വർഗമല്ലാതെ മറ്റൊരു പ്രതിഫലം നൽകിയാലും അല്ലാഹുവിന് തൃപ്തിയാവുകയില്ല"(നസാഈ). ■